# ഇ-ലോകം

സ്കൂൾ ഡിജിറ്റൽ മാഗസിൻ

2023-24

## ജി എച്ച് എസ് പന്നിപ്പാറ

# താളുകളിലൂടെ


| | | | |
|---|---|---|---|
| എഡിറ്റോറിയൽ | 2 | ലിറ്റിൽ കൈറ്റ്സ് | 15 |
| സന്ദേശം | 3 | വയനാട്ടിലേക്ക് ഒരു യാത്ര | 17 |
| ജിഎച്ച്എസ് പന്നിപ്പാറ | 4 | ക്രിസ്തുമസ് കേക്ക് | 18 |
| ഐടി@ഹോം പദ്ധതി | 5 | THE GIRL WHO DRANK THE MOON | 19 |
| റോബിൻസൺ ക്രൂസോ | 6 | അമ്മുവിന്റെ വധികാലം | 20 |
| ഭൂമി അവർക്കും അവകാശപ്പെട്ടതാണ് | 7 | മറക്കാനാവാത്ത ഒരു യാത്രയയപ്പ് | 21 |
| ചന്ദ്രികയുടെ കഥകൾ | 8 | സൗഹൃദം | 22 |
| സമയത്തിന്റെ പ്രാധാന്യം | 9 | പ്രകൃതിയും മനുഷ്യനും | 23 |
| തുടക്കം ആസ്വാദ്യകരം ഒടുക്കം- | | പ്രണയമൊഴിഞ്ഞ് | 24 |
| അധൈര്യം | 10 | കോഴിക്കോട് കേരളത്തിന്റെ- | |
| ബ്രൗണി കഴുതയുടെ സൂത്രം | 11 | സാംസ്കാരിക ഹൃദയഭാഗം | 25 |
| ഒരു മൈസൂർ യാത്ര | 12 | ഒരു എറണാകുളം യാത്ര | 26 |
| ക്ഷമയുടെ ഫലം- | | ഓർമ്മകളുടെ ക്യാൻവാസ് | 27 |
| മധുരമുള്ളതായിരിക്കും | 13 | പത്രത്താളുകളിലൂടെ | 31 |
| Our Earth | 14 | EDITORIAL BOARD | 32 |


## എഡിറ്റോറിയൽ

ഇത് ഞങ്ങളുടെ ഇ - ലോകം
കുട്ടികളുടെ സർഗ രചനകൾക്കുള്ള സൈബറിടം. അക്ഷരങ്ങൾ മൂർച്ചയുള്ള ആയുധങ്ങളാണെന്ന തിരിച്ചറിവ്, നിർമ്മിത ബുദ്ധിയുടെ കാലത്ത് ലിറ്റിൽ കൈറ്റ്സ് കൂട്ടത്തിന്റെ പ്രവർത്തന കൂട്ടായ്മ, വായനയുടെ വസന്തം തീർക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വിവേക പൂർവമുള്ള ഇടപെടൽ. സർഗരചനകളിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മികവുള്ളവർക്ക് അഭിരുചിക്കനുസരിച്ച് പ്രവർത്തിക്കാനുള്ള ഒരിടം.

സാദരം നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

എഡിറ്റർ

# സന്ദേശം

സ്കൂൾ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഈ വർഷം ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു എന്നറിഞ്ഞതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. ഡിജിറ്റൽ ലോകത്തിന്റെ അനന്ത സാധ്യതകളെക്കുറിച്ച് നമ്മുടെ വിദ്യാർത്ഥികളെ ബോധവത്കരിക്കുകയും അവരുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പി ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാഗസിൻ പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ വിദ്യാർത്ഥികളുടെ സാങ്കേതിക വൈദഗ്ധ്യവും സർഗ്ഗാത്മകതയും ഇതിലൂടെ വളരുമെന്ന കാര്യം ഉറപ്പാണ്. ഈ മാഗസിൻ തയ്യാറാക്കുന്നതിനായി കഠിനാധ്വാനം ചെയ്ത ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് അംഗങ്ങളെയും അവരുടെ അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു.

ആശംസകളോടെ......



മുനീറ മണ്ണാരിച്ചാലിൽ
ഹെഡ്മിസ്ട്രസ്
ജിഎച്ച്എസ് പന്നിപ്പാറ

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു എന്ന് അറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും നൂതന ചിന്തയും പ്രകടിപ്പിക്കാൻ ഇത് ഒരു അവസരമാണ്. ഡിജിറ്റൽ ലോകത്തിന്റെ സാധ്യതകളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും അവരുടെ കഴിവുകളെ വികസിപ്പിക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ മാഗസിൻ ലക്ഷ്യം വയ്ക്കുന്നത് എന്നറിഞ്ഞതിൽ സന്തോഷം. മാഗസിൻ തയ്യാറാക്കുന്നതിനായി കഠിനാധ്വാനം ചെയ്ത ക്ലബ്ബിലെ അംഗങ്ങളെയും അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു.

ആശംസകളോടെ..........



സഹീർ ബാബു
പി ടി എ പ്രസിഡന്റ്
ജി എച്ച് എസ് പന്നിപ്പാറ

ഒരു നാടിന്റെ സ്വപ്നങ്ങൾക്ക് ചിറക് നൽകുന്ന

ലേഖനം

# ജി എച്ച് എസ് പന്നിപ്പാറ

**SHIJIMOL K** (LK Mistress)

എടവണ്ണ ഗ്രാമപഞ്ചായത്തിൽ പന്നിപ്പാറ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയമാണ് ജി.എച്ച്.എസ്. പന്നിപ്പാറ. ചാലിയാറിന് തീരത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് . 1932-ൽ സ്ഥാപിച്ച ഈ വിദ്യാലയം മലപ്പുറം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. ഗ്രാമീണ മേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം നാടിന്റെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ പുരോഗതിക്ക് വഴിതെളിയിച്ച കൊണ്ടിരിക്കുന്നു. ജാതി മത വർഗ വർണ ഭേദമന്യേ എല്ലാവരേയും കോർത്തിണക്കുന്ന സാമൂഹികസ്ഥാപനമാണ് ഞങ്ങളുടെ ഈ വിദ്യാലയം.



1932ൽ പി കെ മമ്മദ്ഹാജി നൽകിയ 50 സെന്റ് സ്ഥലത്ത് ഒരു പ്രീ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെയുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് പരേതനായ പി.സീതിഹാജിയുടെ അധ്യക്ഷതയിൽ ആഭ്യന്തര വിദ്യാഭ്യാസ മന്ത്രിയായിരുന്ന പരേതനായ CH.മുഹമ്മദ്കോയ സാഹിബാണ് ഉദ്ഘാടന കർമ്മം നടത്തിയത്. 1974 ൽ യു പി സ്കൂൾ ആയിരുന്ന ഈ വിദ്യാലയം 2013-ൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. പി.കെ ബഷീർ MLA യുടെ ശ്രമഫലമായി RMSA പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടത്. അതോടു കൂടി നാട്ടുകാരുടെ ചിരകാല അഭിലാഷമായിരുന്ന ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു.

ഓരോ അധ്യായന വർഷങ്ങൾ പിന്നിടുമ്പോഴും മികവിന്റെ കേന്ദ്രമായി നേട്ടങ്ങളിൽ നിന്നു നേട്ടങ്ങളിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണ്. മുഴുവൻ കുട്ടികൾക്കും നിറവാർന്ന വിദ്യാലയാനുഭവങ്ങൾ ഒട്ടും ചോരാതെ നൽകുവാൻ പ്രതിജ്ഞാബന്ധമാണ് നമ്മുടെ വിദ്യാലയം......, ഒരുപാട് ഇല്ലായ്മകളിൽ നിന്നും പരാധീനതകളിൽ നിന്നും ഉയർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്ന ഈ വിദ്യാലയം പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് കൂട്ടായ പരിശ്രമത്തിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നത്.

ശക്തമായ നേതൃത്വം, ലക്ഷ്യബോധമുള്ള അധ്യാപക കൂട്ടായ്മ, കരുത്തേറിയ പി ടി എ എന്നിവ ഞങ്ങളുടെ വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നു. വിദ്യാലയത്തിന്റെ ഫീഡിംഗ് ഏരിയകളെ 4 ആക്കി തിരിച്ചു കൊണ്ട് നടത്തിയ "നാട്ടുകൂട്ടം" കോർണർ പി.ടി.എകൾ, പഠന പിന്നാക്ക ഏരിയകൾ കണ്ടെത്തി കുട്ടികൾ രക്ഷിതാക്കൾക്കൊപ്പം പങ്കെടുത്തു കൊണ്ട് നടപ്പിലാക്കിയ "എന്റെ കുട്ടിയോടൊപ്പം" എന്ന രാത്രി കാല പഠനവീടുകൾ, രക്ഷിതാക്കൾക്കുള്ള മോട്ടിവേഷൻ ക്ലാസുകൾ,വിദ്യാർത്ഥികൾക്കുള്ള കൗൺസിലിംഗ് ക്ലാസുകൾ, അമ്മമാർക്കുള്ള ഐടി സാക്ഷരതാ പദ്ധതിയായ ഐടി@ ഹോം പദ്ധതി, സ്റ്റഡി @ വില്ലേജ് പദ്ധതി തുടങ്ങിയവ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി. ഭാവിയിൽ കൂടുതൽ മികച്ച വിദ്യാഭ്യാസ സ്ഥാപനമായി മാറാൻ സ്കൂൾ ലക്ഷ്യമിടുന്നു. തുടർന്നും എല്ലാവരുടെയും പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു.

## സംസ്ഥാന തലത്തിൽ ചർച്ചയായി

അവലോകനം

# ഐടി @ ഹോം പദ്ധതി

SIDHIQUEALI PC (LK Master)

സംസ്ഥാനത്ത് തന്നെ അമ്മമാരെ സമ്പൂർണ്ണ ഐടി സാക്ഷരരാക്കുന്ന ആദ്യത്തെ സ്കൂൾ എന്ന പ്രശസ്തി ഇനി ജിഎച്ച്എസ് പന്നിപ്പാറയ്ക്ക് സ്വന്തം .

കഴിഞ്ഞ മാസം ജാർഖണ്ഡ് സീനിയർ ഐഎഎസ് ഉദ്യോഗസ്ഥൻ അബൂബക്കർ സിദ്ദീഖ് ആണ് ഈ ചരിത്ര പ്രഖ്യാപനം നടത്തി പരിശീലനം പൂർത്തിയാക്കിയ മുഴവൻ അമ്മമാർക്കും സർട്ടിഫിക്കറ്റ് വിതരണം നടത്തിയത്.



2023 ഒക്ടോബർ 12ന് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എം കെ റഫീഖയാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. സ്കൂളിലെ 1400 ലധികം കുട്ടികളുടെ രക്ഷിതാക്കളായ ആയിരത്തോളം അമ്മമാർ പരിശീലനം പൂർത്തിയാക്കി. പദ്ധതിയുടെ ഭാഗമായി, അമ്മമാർക്ക് ഡിജിറ്റൽ സാക്ഷരത, അടിസ്ഥാന ഐടി പരിജ്ഞാനം, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, ഓൺലൈൻ മാർക്കറ്റിംങ്, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി.

നാട്ടുകാരുടെയും അധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പൂർത്തിയാക്കിയ അന്താരാഷ്ട്ര നിലവാരമുള്ള രണ്ട് ഐടി ലാബുകൾ ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വിദ്യാർത്ഥികളുടെ പഠന സമയം കഴിഞ്ഞുള്ള സമയത്ത് സ്കൂളിലെ അധ്യാപകർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾ, പിടിഎ, എംടിഎ, എസ്എംസി തുടങ്ങിയവരുടെ സഹായത്തോടെയായിരുന്നു പദ്ധതി പൂർത്തിയാക്കിയത്.

സംസ്ഥാനത്ത് ആദ്യമായാണ് ഒരു സ്കൂളിലെ 100% അമ്മമാരെ ഡിജിറ്റൽ സാക്ഷരതാക്കുന്നത്. പദ്ധതി മികച്ചതാണെന്നും സംസ്ഥാനത്തെ മുഴവൻ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കിയാൽ വിദ്യാർഥികളുടെ പഠന നിലവാരം വർധിക്കാൻ അത് കാരണമാകുമെന്നും വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ അഭിപ്രായപ്പെട്ടു.

പ്രഖ്യാപന സമ്മേളനം ജാർഖണ്ഡ് സീനിയർ ഐഎഎസ് ഉദ്യോഗസ്ഥൻ അബൂബക്കർ സിദ്ദീഖ് ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് അംഗം റൈഹാനത്ത് കുറുമാടൻ അധ്യക്ഷത വഹിച്ചു. പിടിഎ പ്രസിഡണ്ട് പികെ സഹീർ ബാബു, ഹെഡ്മിസ്ട്രസ് മുനീറ മണ്ണാരിച്ചാലിൽ, വാർഡ് മെമ്പർ കെടി നൗഷാദ്, എസ്എംസി ചെയർമാൻ അൻവർ ആലങ്ങാടൻ, എസ് ഡബ്ല്യു സി ചെയർമാൻ അബ്ദുൽ കരീം കളത്തിങ്ങൽ, സ്കൂളിലെ അധ്യാപകർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ സമാപന ചടങ്ങിൽ സംബന്ധിച്ചു.



പുസ്തക അവലോകനം

# റോബിൻസൺ ക്രൂസോ

DHIYA FATHIMA E 8D

ഞാൻ വായിച്ച പുസ്തകങ്ങളിൽ എനിക്കേറെ ഇഷ്ടപ്പെട്ട നോവലാണ് റോബിൻസൺ ക്രൂസോ. റോബിൻസൺ അലക്സാണ്ടർ സെൽകിർക്ക് എന്ന സ്കോട്ടിഷ് നാവികന്റെ വിചിത്രാനുഭവങ്ങളാണ് റോബിൻസൺ ക്രൂസോയുടെ രചനയ്ക്ക് നിദാനം.

വളരെ വർഷങ്ങൾ ഒരു മനുഷ്യജീവി പോലുമില്ലാത്ത ദ്വീപിൽ ഏകനായി കഴിച്ചു കൂട്ടേണ്ടിവന്ന അലക്സാണ്ടർ സെൽക്കിർക് എന്ന വ്യക്തിയുടെ കഥയാണിത്. 1703ൽ ദക്ഷിണ ശാന്ത സമുദ്രത്തിലേക്കുള്ള പര്യടനത്തിൽ സെൽകിർക്കുമുണ്ടായിരുന്നു. മടക്ക യാത്രയിൽ കപ്പൽ ജുവാൻ ഫെർനാൻഡസ് എന്ന ഒരു വിജന ദ്വീപിലെത്തുന്നു. കപ്പിത്താനുമായി ഉണ്ടായ കലഹത്തെത്തുടർന്ന് സെൽകിർക്ക് ആ വിജനദ്വീപിൽ ഉപേക്ഷിക്കപ്പെടുന്നു. പിന്നീട് അദ്ദേഹത്തിന്റെ 52 മാസങ്ങൾ നീണ്ടുനിൽക്കുന്ന ദ്വീപുവാസം ഈ കഥയിലെ പ്രധാന ഉള്ളടക്കമാണ്. ആരും തന്നെ ഇല്ലാത്ത ദ്വീപിൽ അദ്ദേഹം വേട്ടയാടിയും കൃഷിചെയ്തും 52 മാസം പിന്നിട്ടു. പിന്നീട് ബ്രിട്ടീഷ് കപ്പലുകളുടെ ജീവനക്കാരാണ് സെൽകിർക്കിനെ രക്ഷപ്പെടുത്തുന്നത്. സെൽകിർക്കിന്റെ ദ്വീപനുഭവങ്ങളെ പറ്റി സർ റിച്ചാർഡ് സ്റ്റീൽ, എഡ്വേർഡ് കുക്ക് എന്നിവർ ഒരുക്കിയ കുറിപ്പുകളെ ആധാരമാക്കിയാണ് ഡാനിയൽ ഡിഫോയുടെ രചന. ആ കുറിപ്പുകളെ യാഥാർത്ഥ്യബോധം ജനിപ്പിക്കും വിധം വിവരണം നടത്തുന്നതിനും സങ്കല്പ സൃഷ്ടികളെ വസ്തുതകളാക്കി അവതരിപ്പിക്കുന്നതിനും അദ്ദേഹം ഉത്സാഹിച്ചു. നോവൽ രചനയ്ക്കായി നരഭോജികൾ ഉൾപ്പെടെയുള്ള പുതിയ കഥാപാത്രങ്ങളെയും

സംഭവപരമ്പരകളെയും സൃഷ്ടിച്ചു. സെൽകിർക്കിന് അജ്ഞാതമായ പല അനുഭവങ്ങളും കൂട്ടിച്ചേർത്തു. കഥാനായകന് റോബിൻസൺ ക്രൂസോ എന്ന പേരും നൽകി. നേരാണെന്നു തോന്നുന്ന തരത്തിൽ നുണ പറയുകയെന്ന കലയിൽ അദ്ദേഹം അങ്ങേയറ്റം വിജയിച്ചു. ഡാനിയൽ ഡിഫോയുടെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കാവുന്ന ഈ കൃതി സംഗ്രഹിച്ച് പുനരാഖ്യാനം ചെയ്തത് കെപി ബാലചന്ദ്രൻ ആണ്.

റോബിൻസൺ ക്രൂസോയെ പോലെ വ്യാപകമായി വായിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന നോവലുകൾ ഇല്ലെന്നു പറയാം. ഇംഗ്ലീഷ് നോവൽ സാഹിത്യത്തിലെ ലോകോത്തര കൃതികളിലൊന്നായി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഈ നോവലിനെ വാഴ്ത്തുന്നു.

ഡാനിയൽ ഡിഫോയുടെ റോബിൻസൺ ക്രൂസോ എന്ന ഈ നോവൽ ഏറെ ഹൃദ്യവും രസകര വുമായ ഒരു വായനാനുഭവമാണ് എനിക്ക് നൽകിയത്.

അനുഭവക്കുറിപ്പ്

# ഭൂമി അവർക്കും അവകാശപ്പെട്ടതാണ്

SREYA P 8D

ക്രിസ്തുമസ് അവധി യായിരുന്നതിനാൽ തന്നെ പതിവിലും വൈകിയായിരുന്നു ഞാൻ എണീറ്റത്. കുട്ടികളുടെ ആർപ്പും വിളിയും കേട്ട് ഞാൻ മുറ്റത്തേക്ക് ഇറങ്ങി നോക്കിയപ്പോൾ റോഡിൽനിന്ന് കുട്ടികൾ കൂട്ടം കൂടി നിന്ന് എന്തിനെയോ കല്ലെറിയുന്നു. കാര്യം



എന്തെന്ന് അറിയാൻ ആകാംക്ഷയോടെ ഞാനും ചെന്നു നോക്കി. അപ്പോൾ അതാ ഒരു പാവം കുട്ടിക്കുരങ്ങനെ കല്ലെറിയുകയാണ് കുട്ടികൾ. എനിക്ക് സങ്കടമായി. അവർ പറഞ്ഞു അവർ കഴിക്കാൻ വെച്ച കടല പാക്ക് ഈ വികൃതി കുരങ്ങൻ എടുത്തു. പാവം കുരങ്ങൻ വിശന്നിട്ട് ആവണം രണ്ടുദിവസമായി ഇതിലൂടെ ചുറ്റിക്കറങ്ങുകയും തേങ്ങയും പഴവും എല്ലാം മോഷ്ടിക്കുകയും ചെയ്യുന്നു. ആ



പാവത്തിന് വിശന്നിട്ട് ആവും എന്ന് ആരും ചിന്തിക്കുന്നില്ല.

ആ പാവം കുരങ്ങനെ ഇങ്ങനെ കല്ലെടുത്ത് എറിയുന്നതും ഓടിക്കുന്നതും എല്ലാം കണ്ടപ്പോൾ എനിക്ക് അട്ടപ്പാടിയിലെ മധുവിനെ ആണ് ഓർമ്മ വന്നത് . ഒരു നേരത്തെ ഭക്ഷണത്തിനു പോലും വകയില്ലാതെ വിഷപ്പ് സഹിക്കാൻ വയ്യാതെ ഇത്തിരി അരി മോഷ്ടിച്ചതിനാണ് ആ പാവത്തിനെ മനുഷ്യർ അടിച്ചു കൊന്നത്. കാടുകൾ പോലുള്ള ഇത്തരം ജീവികളുടെ വാസസ്ഥലം വെട്ടി നശിപ്പിച്ച് കെട്ടിടങ്ങൾ പണിത് ഭക്ഷണം കിട്ടാഞ്ഞിട്ടും മറ്റുമാണ് അവർ നാട്ടിലേക്ക് ഇറങ്ങിയത്. അപ്പോൾ ഇവിടെയും അവരെ ജീവിക്കാൻ അനുവദിക്കാതെ ഭക്ഷണം കൊടുക്കാതെ



ഓടിച്ചാൽ അവർ പിന്നെ എങ്ങോട്ട് പോകും. മനുഷ്യർ അവരുടെ ആർത്തിയും അഹങ്കാരവും കാരണവും ഇല്ലാതാകുന്നത് ഒരുപാട് ജീവനുകളാണ്. ഇതൊന്നും മനുഷ്യർ ചിന്തിക്കുന്നേയില്ല. ഭൂമിയിൽ മനുഷ്യരെ പോലെ ഇവിടെയുള്ള ഓരോ ജീവജാലങ്ങൾക്കും തുല്യ അവകാശമാണ്. ഇവർക്കും ഓരോ സുരക്ഷാസംവിധാനങ്ങൾ ഒരുക്കേണ്ടത് നമ്മുടെ കടമയാണ്. മനുഷ്യർ മാത്രമുള്ള ഒരു ഭൂമി മനുഷ്യന് സങ്കൽപ്പിക്കാൻ പോലും കഴിയില്ല.

കഥ

# ചന്ദ്രികയുടെ കഥകൾ

MINHA. A 9C

കേരളത്തിലെ പച്ചപ്പും തെങ്ങുകളും നിറഞ്ഞ ഒരു ഗ്രാമത്തിൽ, ചന്ദ്രിക എന്ന പെൺകുട്ടി താമസിച്ചിരുന്നു. അവൾ സ്വപ്നം കാണുന്നത് കഥകൾ എഴുതാനായിരുന്നു. എന്നാൽ അവളുടെ കഥകൾ പലപ്പോഴും ഭയങ്കരമായതോ അവിശ്വസനീയമായതോ ആയിരുന്നു. അതുകൊണ്ട്, അവളുടെ കൂട്ടുകാരും അധ്യാപകരും അവളുടെ രചനകളെ പ്രോത്സാഹിപ്പിച്ചില്ല.

ഒരു മഴക്കാലത്ത്, ചന്ദ്രിക തന്റെ വീടിനോട് ചേർന്നുള്ള പഴയ കുളത്തിനരികിൽ ഇരിക്കുകയായിരുന്നു. മഴത്തുള്ളികൾ പായലിൽ തുള്ളിച്ചാടി, കുളത്തിലെ മീനുകൾ തുള്ളിചാടി. പെട്ടെന്ന്, കുളത്തിൽ നിന്ന് ഒരു തിളങ്ങുന്ന വസ്തു പൊങ്ങിവന്നു. അവൾ അടുത്തുചെന്ന് നോക്കിയപ്പോൾ അത് ഒരു ചെറിയ മുത്തായിരുന്നു. അത് കൈയിലെടുത്തപ്പോൾ, അത് മിന്നി, ചുറ്റും ഒരു മന്ത്രം മുഴങ്ങി.



മുത്ത് ഒരു മന്ത്രവാദിനിയുടെ രൂപത്തിലേക്ക് മാറി. അവൾ ചന്ദ്രികയോട് പറഞ്ഞു, "ഞാൻ നിന്റെ എഴുത്ത് കേട്ടു. നിന്റെ കഥകൾക്കുള്ള ഭാവന നിനക്കൊരു വരമാണ്. ഞാൻ നിന്നെ സഹായിക്കാം, നിന്റെ കഥകളെ ആകർഷകമാക്കാം."

മന്ത്രവാദിനി ചന്ദ്രികയെ നിരവധി കഥകൾ പഠിപ്പിച്ചു. യാഥാർത്ഥ്യവും ഭാവനയും ചേർന്നുള്ള കഥകൾ. അവയ്ക്ക് രസകരമായ കഥാപാത്രങ്ങളും ആവേശകരമായ സംഭവങ്ങളും ഉണ്ടായിരുന്നു.

ചന്ദ്രിക പുതിയ കഥകൾ എഴുതാൻ തുടങ്ങി. അവ അവളുടെ കൂട്ടുകാരും അധ്യാപകരും ഇഷ്ടപ്പെട്ടു. അവർ അവളുടെ ഭാവനയെ പ്രശംസിച്ചു, കഥകളുടെ മികവ് കണ്ടു. ചന്ദ്രികയുടെ കഥകൾ ഗ്രാമത്തിലുടനീളം പ്രചരിച്ചു. ആളുകൾ അവളെ കാണാനും കൂടുതൽ കഥകൾ കേൾക്കാനും വന്നു. അവളുടെ കഥകൾ ആകർഷകവും പ്രചോദനം നൽകുന്നതുമായിരുന്നു. അതുകൊണ്ട് അവ ഗ്രാമത്തിന്റെ സന്തോഷവും സമാധാനവും വളർത്തി. ഒടുവിൽ, മന്ത്രവാദിനി ചന്ദ്രികയോട് യാത്ര പറഞ്ഞു. അവൾ പറഞ്ഞു, "നിന്റെ ഭാവന നിന്നെ ഇവിടെയെത്തിച്ചു. ഇനി നിന്റെ സ്വന്തം ശക്തിയിൽ കഥകൾ പറയാൻ സമയമായി."

ചന്ദ്രിക മന്ത്രവാദിനിയോട് നന്ദി പറഞ്ഞു. അവൾ തുടർന്നും കഥകൾ എഴുതി, അവളുടെ ഭാവനയെ ഉപയോഗിച്ച് ലോകത്തെ മാറ്റിത്തീർത്തു.

ഇതാണ് ചന്ദ്രികയുടെ കഥ. നിങ്ങളുടെ ഭാവന ഉപയോഗിക്കുക, സ്വപ്നം കാണുക, കഥകൾ പറയുക. നിങ്ങൾക്കും ലോകത്തെ മാറ്റാനാകും

പ്രസംഗം

# സമയത്തിന്റെ പ്രാധാന്യം

***SHIFA CT 9B***

ബഹുവന്ദ്യരായ അധ്യാപകരെ ഗുരുജനങ്ങളെ ഏവർക്കും നമസ്കാരം. സമയത്തിന്റെ പ്രാധാന്യം എന്ന വിഷയത്തെ കുറിച്ച് എന്റെ ചിന്തകൾ നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നാം എല്ലാവരും നിസാരമായി കരുതുന്നതും എന്നാൽ വളരെ പ്രധാനപ്പെട്ടതുമായ ഒന്നാണ് സമയം. പല മഹാന്മാരും സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിച്ചവരായിരുന്നു. സമയം തെറ്റിക്കുന്നവൻ മറ്റുള്ളവരുടെ സമയം കൂടി നഷ്ടപ്പെടുത്തുന്നവെന്നാണ് മഹാന്മാർ വിശ്വസിച്ചിരുന്നത്. ഗാന്ധിജിക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചത് സമയത്തെ ആദരിച്ചിരുന്നതു കൊണ്ടാണ്

ഒരിക്കൽ ഒരു ഗുരു തന്റെ ശിഷ്യന്മാരോട് ചോദിച്ചു: "ഈ ഭൂമിയിൽ ഏറ്റവും കൂടുതൽ വിലപിടിപ്പുള്ള വസ്തു എന്താണ് ?" ഒന്നാമൻ പറഞ്ഞു: "സ്വർണം" രണ്ടാമന്റെ മറുപടി : "രത്നം " എന്നായിരുന്നു. ഇതൊന്നും ശരിയല്ല എന്ന് ഗുരു പറഞ്ഞപ്പോൾ ശിഷ്യന്മാരൊന്നമ്പരന്നു പോയി ഗുരു പറഞ്ഞു "നമ്മുടെ ജീവിതത്തിൽ ഏറ്റവും വില കൂടിയത് സമയമാണ് .നമ്മുടെ ജീവിതത്തിൽ നാം ഏറ്റവും കൂടുതൽ പ്രധാന്യം നൽകേണ്ടതും സമയത്തിനാണ്. "

മടിയൻ മല ചുമക്കും എന്നത് നാം കേട്ടിട്ടുണ്ടല്ലോ .മല ചുമക്കുന്നവന്റെ അവസ്ഥ നമുക്ക് ഊഹിക്കാം. എന്നാൽ സമയം വേണ്ടവിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ ആ വലിയ ആപത്ത് വന്നു ചേരില്ല. സമയവും തിരയും ആർക്കുവേണ്ടിയും കാത്തുനിൽക്കാറില്ല ,സമയത്തെ നിയന്ത്രിക്കുവാൻ നമുക്കാവില്ല ,എന്നാൽ സമയത്തിനനുസൃതമായി നമ്മെ നിയന്ത്രിക്കാൻ നമുക്ക് കഴിയണം.

കുട്ടിക്കാലം മുതലേ സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിക്കേണ്ടതുണ്ട്. വിദ്യാലയങ്ങളിൽ നമുക്ക് ഓരോ time table ഉള്ളതുപോലെ നമ്മുടെ ജീവിതത്തിലും നമുക്കൊരു time table ഉണ്ടാകണം. നന്നായി പഠിക്കുവാനും ജോലി ചെയ്യുവാനും വിനോദങ്ങളിൽ ഏർപ്പെടുവാനും അത് നമ്മെ സഹായിക്കും.

ആത്മവിശ്വാസ കുറവു കൊണ്ടോ മടി കൊണ്ടോ പല കാര്യങ്ങളും പിന്നീടേയ്ക്ക് മാറ്റിവെക്കുന്നവരാണ് നമ്മൾ ചിലരെങ്കിലും ,ആ പ്രവണത ഒരിക്കലും ഒരു വിജയുടെതല്ല മറിച്ച് ഒരു പരാജിതന്റെതാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

സമയം അത് പാവപ്പെട്ടവനും പണക്കാരനും ഒരുപോലെയാണ് ലഭിക്കുന്നത് .ചൈനയിൽ ജനിച്ചു എന്നുവച്ച് ഒരിക്കലും ഒരു ദിവസം 25 മണിക്കൂർ ആയി കൂടുകയോ 23 മണിക്കൂർ കുറയുകയോ ചെയ്യുന്നില്ല .ഈ ലോകത്ത് ദൈവം എല്ലാവർക്കും ഒരുപോലെ സൃഷ്ടിച്ച ഒന്നാണ് സമയം. എല്ലാവർക്കും ഓരോ നിറമാണ് നൽകിയത് ,ഓരോരുത്തർക്കും ഓരോ സ്വഭാവമാണ് നൽകിയത് എന്നാൽ സമയം അത് എല്ലാവർക്കും ഒരുപോലെ ദൈവം സൃഷ്ടിച്ചു .ആ സമയം വേണ്ടവിധത്തിൽ ഉപയോഗിക്കുന്നവനാണ് ഈ ലോകത്തിലെ ഏറ്റവും വലിയ സമ്പന്നൻ."നിങ്ങൾ ജീവിതത്തെ സ്നേഹിക്കുന്നുവോ എന്നാൽ സമയം പാഴാക്കാതിരിക്കുക കാരണം സമയമാണ് ജീവിതത്തിന്റെ മൂലധനം" എന്ന ബെഞ്ചമിൻ ഫ്രാങ്ക്ലിന്റെ വാക്കുകൾ നമുക്ക് വലിയ സന്ദേശമാണ് നൽകുന്നത്.

സമയം എന്നാൽ ജീവിതം തന്നെയാണ് സമയം പാഴാക്കുക എന്നാൽ ജീവിതം പാഴാക്കുക എന്നാണ് അർത്ഥം. സമയം ആരെയും കാത്തുനിൽക്കാതെ അതിന്റേതായ താളത്തിൽ നീങ്ങുന്നു .അതിനനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയണം. ലക്ഷ്യബോധമുള്ളവർ ഒരിക്കലും സമയത്തെ നഷ്ടപ്പെടുത്തുകയില്ല എന്നാൽ സമയബോധമുള്ളവർക്കും ഒരിക്കലും നഷ്ടബോധം ഉണ്ടാവില്ല.

"സമയത്ത് ഒരു തുന്നൽ ഒമ്പതിന് രക്ഷിക്കുന്നു" എന്ന പഴഞ്ചൊല്ല് നമുക്ക് എല്ലാവർക്കും പരിചിതമാണ്. അതിനാൽ കൃത്യസമയത്ത് ജോലികൾ പൂർത്തിയാക്കുന്നതാണ് നല്ലത്. ഒരിക്കൽ നഷ്ടപ്പെട്ട സമയം എന്നെന്നേക്കുമായി നഷ്ടമായതിനാൽ എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തി ഓരോ നിമിഷവും ജീവിക്കുകയാണ്.

സമയപരിധി എല്ലാവർക്കും അറിയാമെങ്കിലും ആളുകൾ ഇപ്പോഴും തങ്ങളുടെ ജീവിതം സമയത്തിന് പകരം പണത്തിനുമേൽ നിക്ഷേപിക്കുന്നു. പലരും കാലത്തിനനുസരിച്ച് പണത്തിനു മുൻഗണന നൽകുന്നു.പണം സമ്പാദിക്കാൻ സമയം കളയുക എന്നത് മനുഷ്യർ ചെയ്യുന്ന സാധാരണമായ തെറ്റുകളിൽ ഒന്നാണ് .സമയത്തിന്റെ മൂല്യം പണത്തെക്കാളും ഈ ഗ്രഹത്തിലെ മറ്റെന്തിനെക്കാളും ഉയർന്നതിനാൽ സമയത്തിന്റെ മൂല്യം പണവുമായി താരതമ്യം ചെയ്യുന്നത് നിർത്തേണ്ട സമയമാണിത് .സമ്പത്ത് ശേഖരിക്കാൻ അന്ധമായി പിന്തുടരുന്നത് നിർത്തി നിങ്ങളുടെ ജീവിതം ആരംഭിക്കുക.

"പണത്തേക്കാൾ വിലപ്പെട്ടതാണ് സമയം നിങ്ങൾക്ക് കൂടുതൽ പണം ലഭിക്കും എന്നാൽ കൂടുതൽ സമയം ലഭിക്കില്ല" എന്ന ജിംറോണിന്റെ വാക്കുകൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ, നന്ദി നമസ്കാരം.

അനുഭവക്കുറിപ്പ്

# തുടക്കം ആസ്വാദ്യകരം ഒടുക്കം അധൈര്യം

FATHIMA RADWA .A 9D

എന്താണ് വെള്ളപ്പൊക്കം അല്ലെങ്കിൽ പ്രളയം എന്ന് ഞാൻ എടുത്തുപറയേണ്ടതില്ല. 2018 കേരളക്കര ഒന്നാകെനേരിട്ട ഒരു വലിയ വിപത്ത്. ഞാനപ്പോൾ പഠിക്കുന്നത് നാലാം ക്ലാസ്സിലാണ്. മഴയുടെ കാഠിന്യം കൂടിയപ്പോൾ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുകയായിരുന്നു. നല്ല മഴ. എന്റെ വീടിന്റെ മുന്നിൽ പച്ചവിരിച്ച പാടമാണ്. മഴയുടെ ശക്തി കാരണം ആ പാടം പതിയെ പതിയെ നിറഞ്ഞുകവിയാൻ തുടങ്ങി അങ്ങനെ പാടം കഴിഞ്ഞ് വെള്ളം റോഡിലേക്ക് കടന്നു. ഞാൻ ആദ്യമായിട്ടാണ് റോഡിൽ വെള്ളം കാണുന്നത്. അതിന്റെ ആഹ്ലാദം എനിക്ക് അടക്കി പിടിക്കാനായില്ല. ഞാൻ തലയിൽ ഒരു പ്ലാസ്റ്റിക് കവറുകെട്ടി വെള്ളത്തിലിറങ്ങി. സന്തോഷത്തിന്റെ പെരുമഴയിൽ ഞാൻ തിമർത്താടി.

എന്നാൽ ആ സന്തോഷം അധികം നിലനിന്നില്ല. റോഡും കടന്ന് വെള്ളം എന്റെ വീട്ടിലേക്ക് കയറി. വീട്ടിലെ സാധനങ്ങൾ എല്ലാം അടുത്ത വീട്ടിലേക്ക് മാറ്റി. അപ്പോൾ സമയം രാത്രി 7:00 മണിയായിരുന്നു. അടുത്ത വീട്ടിലാണ് ഞാൻ കിടന്നുറങ്ങിയത്. ഏകദേശം 4:00 മണിപുലർച്ചെ ഉമ്മ എന്നെ വിളിച്ചു.ഉറക്കത്തിന്റെ പിടിമുറുക്കത്തിൽ നിന്ന് ഞാൻ എഴുന്നേറ്റു കാര്യം അന്വേഷിച്ചു. അപ്പോഴാണ് ഞാൻ നിന്നിരുന്ന വീട്ടിലും വെള്ളം ശക്തിയായി കയറിക്കൊണ്ടിരിക്കുന്നു.

തുടക്കത്തിൽ എന്നെ സന്തോഷിപ്പിച്ച അതെ മഴ ഒടുക്കത്തിൽ എന്നെ കരയിപ്പിച്ചു. പുറത്തേക്ക് ഭീതിയിൽ നോക്കിയ ഞാൻ കണ്ടത് ചുറ്റും സമുദ്രം പോലെ പരന്നുകിടക്കുന്ന മഴവെള്ളമാണ്. അവസാനം ഒരേ ഒരു മാർഗമേ എന്റെ മുന്നിലുണ്ടായിരുന്നുള്ളു . ഞങ്ങൾ കുടുംബ സമേതം പ്രളയ ദുരിതാശ്വാസ ക്യാമ്പിനെ ആശ്രയിച്ചു.

എന്നാൽ എനിക്ക് അഭിമാനത്തോടെ പറയാൻ പറ്റുന്ന ഒരു കാര്യമുണ്ട് .ആ ദുരിതശ്വാസ ക്യാമ്പ് ഞാൻ പഠിക്കുന്ന എന്റെ വിദ്യാലയം ആയിരുന്നു(GHS പന്നിപ്പാറ). ഒരു രാത്രി മുഴുവൻ ഞങ്ങൾക്ക് സജ്ജീകരിച്ച തന്ന ക്ലാസ്സ് മുറിയിൽ നിന്നു. എന്റെ വിദ്യാലയത്തിലെ എല്ലാ അധ്യാപകരുടെ പൂർണ പിന്തുണ ഞങ്ങളുടെയും മറ്റു കുടുംബത്തിന്റെയും കൂടെ ഉണ്ടായിരുന്നു.

വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവമായതുകൊണ്ട് തന്നെ പിന്തുണ നൽകിയ എല്ലാ അദ്ധ്യാപകരെയും എനിക്ക് കൃത്യമായിട്ട് ഓർമയില്ല.എന്നാലും ചില അധ്യാപകരെ ഓർമ്മയിലുണ്ട് സുരേഷ് ബാബു മാഷ്, സത്താർ മാഷ് തുടങ്ങിയവർ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരോടും സ്നേഹത്തിന്റെ ഭാഷയിൽ ഞാൻ നന്ദി പറയുന്നു. കേരളക്കര ഒന്നാകെ ഒത്തൊരുമയോടെയാണ് പ്രളയം എന്ന ദുരന്തത്തെ പടിക്ക് പുറത്താക്കിയത്. പിറ്റേന്ന് രാവിലെ വെള്ളമെല്ലാം ഇറങ്ങി പഴയതു പോലെയായി. അയൽബന്ധക്കാരും മറ്റുള്ളവരും ചേർന്ന് എല്ലാ വീടുകളും വൃത്തിയാക്കുന്നതിൽ സഹകരിച്ചു. ഈ അനുഭവം മായാതെ ഇന്നും എന്റെ മനസ്സിൽ നിലകൊള്ളുന്നു.

കഥ

# ബ്രൗണി കഴുതയുടെ സൂത്രം

-മെഹ്ന പി 8D

ഒരു ദിവസം ബ്രൗണി കഴുത പതിവുപോലെ പുല്ല്മേയുകയായിരുന്നു. പെട്ടെന്ന് അടുത്തുള്ള പുല്ലിൽ നിന്നും ഒരു ശബ്ദം കേട്ടു. ഓടി രക്ഷപെടാൻ നോക്കുന്നതിന് മുമ്പ് തന്നെ ആ പുല്ലുകളിൽ നിന്നും ഒരു ഭീകരമായ ചെന്നായ പ്രത്യക്ഷപ്പെട്ടു.

ബ്രൗണി കഴുത വല്ലാതെ പേടിച്ചു.




രക്ഷപ്പെടാൻ വഴിയുമില്ല. അപ്പോൾ കഴുത ഒരു സൂത്രം പ്രയോഗിച്ചു നോക്കാം എന്ന് കരുതി. കഴുത ചെന്നായയുടെ മുന്നിൽ കാലിൽ മുള്ള് തറച്ചതായി അഭിനയിച്ചു. പതുക്കെ മുടന്താൻ തുടങ്ങി. ചെന്നായ ഇത് കണ്ട് കഴുതയോട് കാര്യം തിരക്കി.

അപ്പോൾ കഴുത പറഞ്ഞു "എന്റെ കാലിൽ ഒരു കൂർത്ത മുള്ള് തറച്ചിരിക്കുകയാണ്. അത് എടുത്തു മാറ്റാൻ സഹായിക്കുമോ?. അല്ലെങ്കിൽ എന്നെ തിന്നുമ്പോൾ അത് അങ്ങയുടെ തൊണ്ടയിൽ കുടുങ്ങി വേദനിക്കും. അത് ശെരിയാണെന്ന് ചെന്നായക്ക് തോന്നി.



അവൻ കഴുതയുടെ കാൽ പൊക്കി പരിശോധന തുടങ്ങി. കഴുത സർവ്വ ശക്തിയും ഉപയോഗിച്ച് ഒന്ന് ആഞ്ഞു തൊഴിച്ച് ഓടി രക്ഷപ്പെട്ടു. തൊഴിയുടെ ആഘാതത്തിൽ മണ്ടനായ ചെന്നായയുടെ കൂർത്ത പല്ലുകളെല്ലാം കൊഴിഞ്ഞു. വേദനയോടെ ചെന്നായ പൊട്ടി കരഞ്ഞു.

ഗുണപാഠം : ഏതു പ്രവർത്തിക്കു മുമ്പും ഒരു ആലോചന വളരെ നല്ലതാണ്.



യാത്രാവിവരണം

# ഒരു മൈസൂർ യാത്ര

DIYA SAFAR 9A

ഈ യാത്ര എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത യാത്ര തന്നെയാണ്. അത് എന്റെ മനസ്സിനെ അത്രമേൽ ആകർഷിച്ചു. അത് മറ്റൊരിടത്തേക്കുമല്ല. ഒരു ഒന്നാന്തരം മൈസൂർ യാത്ര!! രണ്ടു ദിവസത്തെ ആർഭാടയാത്ര.ഇത് ഒരു അഞ്ചോ ആറോ വർഷങ്ങൾക്ക് മുമ്പുള്ളതാണ്. ആദ്യ ദിവസം 5 മണിക്ക് തന്നെ യാത്ര പുറപ്പെട്ടു.സാധാരണ 9 മണിക്ക് എഴുന്നേൽക്കുന്ന ഞാൻ അന്ന് നേരത്തെ തന്നെ എഴുന്നേറ്റു.ഞങ്ങൾ വേഗം തന്നെ യാത്ര തിരിച്ചു.അതിരാവിലെ ആയതുകൊണ്ടാകും അപ്പോൾ ബസ്സിന് ഒരു അനക്കവും ഉണ്ടായിരുന്നില്ല.

പിന്നീട് സൂര്യൻ ഉദിച്ചപ്പോഴേക്കും പാട്ടും ഡാൻസുമെല്ലാം ജോറായി.ഉച്ചയായപ്പോഴേക്കും ഞങ്ങൾ അവിടെയെത്തി ഒരു ലോഡ്ജിൽ താമസമുറപ്പിച്ചു.പിന്നീടാണ് ചുറ്റാൻ പോയത്.ആദ്യമായി തന്നെ കൊട്ടാരങ്ങളുടെ നഗരം എന്നറിയപ്പെടുന്ന 1912 ൽ Henry Irwin പണിക്കഴിപ്പിച്ച കർണാടകയുടെ സ്വന്തം മൈസൂർ



പാലസ് കാണാനാണ് പോയത്. അവിടെയുള്ള ഓരോന്നും കണ്ടു കാറ്റ് പോയ അവസ്ഥയായിരുന്നു. കണ്ടു വരുമ്പോഴാണ് ആ കൊട്ടാരത്തിൻറെ നടുമുറ്റത്തേക്ക് നോട്ടം വീണത് എനിക്കു എന്നെ തന്നെനഷ്ടപ്പെട്ടു. പിന്നിടല്ലേ.... വലിയ രണ്ട് ആനകളുടെ തലകൾ കാണുന്നത്. ഒറിജിനലിനെ വെല്ലുന്നവയാണവ. സത്യത്തിൽ ഞാനതു കണ്ടു പേടിച്ചു. എല്ലാ കാഴ്ചകളും മുഴുവനായി കണ്ടു. പിന്നിട് ഞങ്ങൾ ടിപ്പു സുൽത്താൻ അന്ത്യ വിശ്രമം കൊള്ളുന്നയിടത്തേക്കാണ് പോയത്.



അവിടെയും സമയം ചിലവഴിച്ച് യാത്ര തിരിച്ചു. നേരം അപ്പോ ഴേക്കും വൈകിയിരുന്നു.

ശേഷം ഞങ്ങൾ വൃന്ദാവൻ ഗാർഡനിലോട്ടു പോയി. അവിടെ അടിപൊളിയായിരുന്നു. വലിയ ഒരു ഗാർഡനായിരുന്നത്. അവിടെ നിന്നും ധാരാളം സെൽഫിയും ഫാമിലി ഫോട്ടോസുമെല്ലാം എടുത്തു കഴിഞ്ഞപ്പോഴേക്കും നേരമിരുട്ടി. പിന്നിട് 'ഞങ്ങൾ വാട്ടർ ഡാൻസ് കാണാൻ പോയി. വാട്ടർ ഡാൻസ് എന്നു പറഞ്ഞപ്പോഴേക്കും എന്തൊക്കെയോ മനസ്സിൽ വന്നു. അതെല്ലാം കണ്ട ശേഷം കിടക്കാൻ വേണ്ടി ലോഡ്ജിൽ പോയി.

സത്യം പറഞ്ഞാൽ അന്ന് ഞാൻ ഉറങ്ങിയിട്ടില്ല. അന്ന് ഞാൻ കൊതുകുമായി യുദ്ധം ചെയ്യുകയായിരുന്നു. കുറേ സമയം കിടന്നു. പിന്നീടാണ് ആ കാഴ്ച കണ്ടത്. എല്ലാവരും ടോർച്ചുമായി കൊതുകിനെ പിടിക്കുന്നു. ആദ്യം കണ്ടപ്പോൾ പേടിച്ചെങ്കിലും പിന്നീടാണ് കാര്യം കത്തിയത്. അങ്ങനെ നേരം വെളുപ്പിച്ചു. പിന്നിട് ഞങ്ങൾ മൃഗശാല സന്ദർശിക്കാൻ പോയി. അവിടെ എത്രയെത്ര ജീവികളാണ്!പല പലയിനത്തിലുള്ള പാമ്പുകൾ !!! ഹാ...... ഇതൊക്കെ കണ്ടപ്പോഴെക്കും ആവശേഷിക്കുന്ന ജീവനും റ്റാ-റ്റാ.... പറഞ്ഞ് എൻ്റെയടുത്ത് നിന്നും പോയി. കാര്യമാക്കിയില്ല. എല്ലാം കണ്ട് അവിടെ നിന്നും തിരിച്ചു. പിന്നീട് ഭക്ഷണമെല്ലാം കഴിച്ചു വീട്ടിലേക്ക് പോയി. ഏകദേശം 12 മണി ആയിക്കാണും വീട്ടിൽ എത്തിയപ്പോൾ. ഇത് വല്ലാത്ത ഒരു അനുഭവം ആയിരുന്നു..

കഥ

# ക്ഷമയുടെ ഫലം മധുരമുള്ളതായിരിക്കും

NAZIBA V 9D

സൂര്യൻ അസ്തമിച്ചു.ആകാശത്തിന്റെ നാലുഭാഗവും ഇരുണ്ട മേഘങ്ങൾ കൊണ്ട് മൂടപ്പെട്ടിരിക്കുന്നു.ചുറ്റുപാടും ശൂന്യത മാത്രം.

രാജേഷ് വരാന്തയിലെ ഒരു ചെറിയ കട്ടിലിൽ കിടന്നു കൊണ്ട് ചിന്തിക്കാൻ തുടങ്ങി എന്തെന്നാൽ തന്റെ വയസ്സ് കൂടിക്കൊണ്ടിരിക്കുന്നു .ഈ വയസ്സിലും ജോലി ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടാണ് അതുകൂടാതെ കുറെ മാസങ്ങളായി ഞങ്ങളുടെ ഗ്രാമത്തിൽ ഒരു മഴ പോലും പെയ്തിട്ടില്ല.ഈ കാരണത്താൽ ഞങ്ങളുടെ വയലിലെ വിളവുകളെല്ലാം കുറഞ്ഞുകൊണ്ടിരിക്കുന്നു.നിറഞ്ഞ കണ്ണുകളോടെ ആ വൃദ്ധൻ ആകാശത്തേക്ക് നോക്കി ശേഷം മനസ്സിൽ പറഞ്ഞു എന്തെന്നാൽ എന്റെ ദൈവമേ! ഞാൻ ഇനി എന്ത് ചെയ്യും !ഞങ്ങളുടെ ഗ്രാമത്തിൽ എപ്പോഴാണ് ഇനി മഴ പെയ്യുക !എത്ര ദിവസം ഇനിയും ഞങ്ങൾ ഒരു മഴയ്ക്ക് വേണ്ടി





കാത്തു നിൽക്കണം !പെട്ടെന്ന് പുറകെ നിന്ന് ഒരു ശബ്ദം കേട്ടു..... രാജേഷ് ഇങ്ങോട്ട് വന്ന് കിടന്നുറങ്ങിക്കോളൂ .പുറത്ത് നല്ല മഞ്ഞുണ്ട് -രാജേഷിന്റെ ഭാര്യ രാധിക പറഞ്ഞു. രാജേഷ് തന്റെ ചിന്തകൾ നിർത്തിക്കൊണ്ട് അകത്തേക്ക് പോയി.

സൂര്യൻ ഉദിച്ചു.രാജേഷ് തന്റെ മകനായ രാജീവിന്റെയും രാധികയുടെയും കൂടെ പ്രഭാത ഭക്ഷണം കഴിച്ചശേഷം വയലിലേക്ക് പോയി. സൂര്യന്റെ അതികഠിനമായ ചൂട് കാരണം പെട്ടെന്ന് തന്നെ ആ വൃദ്ധൻ ക്ഷീണിതനായി.അതിനാൽ തന്നെ അദ്ദേഹം ഒരു വലിയ മരത്തിൻറെ ചുവട്ടിൽ പോയിരുന്നു കൂടാതെ ദൈവത്തോട് പ്രാർത്ഥിച്ചു. എന്തെന്നാൽ പെട്ടെന്ന് തന്നെ ഞങ്ങളുടെ നാട്ടിൽ മഴ പെയ്യണേ ! കർഷകരായ ഞങ്ങളുടെ ദുഃഖം പെട്ടെന്ന് തന്നെ അകറ്റി തരണേ !കുറച്ചു വെള്ളം കുടിച്ച ശേഷം വീണ്ടും ആ വൃദ്ധൻ ജോലി ചെയ്യാൻ തുടങ്ങി.എന്നാൽ വളരെ പെട്ടെന്ന് തന്നെ ആകാശത്തിൽ നിന്ന് സൂര്യൻ അപ്രത്യക്ഷമായി കൂടാതെ നാലുഭാഗവും മഴയുടെ ഇരുണ്ട മേഘങ്ങൾ കൊണ്ടു മൂടപ്പെട്ടു. എല്ലാ കർഷകരുടെയും മുഖത്ത് സന്തോഷം പടർന്നു.

അങ്ങനെ ആ ഗ്രാമത്തിൽ നീണ്ട കാത്തിരിപ്പിന് ശേഷം മഴപെയ്യാൻ തുടങ്ങി.എല്ലാ കർഷകരും അതുപോലെ തന്നെ ആ നാട്ടിലുള്ള എല്ലാ ആളുകളും ഉല്ലാസത്തോടെ ആ മഴയെ സ്വാഗതം ചെയ്തു. ഈ മഴയെ ഗ്രാമത്തിലുള്ള എല്ലാ ആളുകളും ഇതുവരെ അവർ അനുഭവിച്ച എല്ലാ ദുരിതങ്ങളുടെയും അവസാനമാണെന്ന് ഉറച്ചു വിശ്വസിച്ചു.

POEM

# Our Earth

MUHAMMED FADI VP 8F

The Earth is ours to enjoy.

For every little girl and boy.

But we must always be aware.

That all its beauty we must share.

With all the children yet to come.

Who want to laugh and play and run

Around the trees and in the fields,

So we must keep our planet free

From messy trash and debris.

With air that's clean, fresh and clear.

For all to breathe from year to year.

We must never ever abuse.

Our sweet Earth that's ours to use.



റിപ്പോർട്ട്

## സ്കൂളിൽ നിറസാന്നിധ്യമായി

# ലിറ്റിൽ കൈറ്റ്സ്

**MUHAMMED BADUSHAH 9D** (SCHOOL LEADER)

കുട്ടികളിൽ ഡിജിറ്റൽ ലോകത്തിന്റെ സാധ്യതകളെക്കുറിച്ച് ബോധവത്ക്കരണം നടത്താനും സർഗ്ഗാത്മകതയും നേതൃത്വഗുണവും വളർത്തിയെടുക്കുന്നതിനുമായി ഈ വർഷം നിരവധി പ്രവർത്തനങ്ങളാണ് ജിഎച്ച്എസ് പന്നിപ്പാറ യൂണിറ്റ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നിരിക്കുന്നത്.



### ഐടി@ഹോം

സ്കൂളിന്റെ ഈ വർഷത്തെ പ്രധാന പദ്ധതികളിൽ ഒന്നായ ഐടി@ഹോം പദ്ധതി പൂർണ്ണമായും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിലാണ് പൂർത്തിയാക്കിയത്. നാല് അമ്മമാരെ സഹായിക്കാൻ ഒരു വിദ്യാർത്ഥി എന്ന നിലക്കാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. എല്ലാദിവസവും 4 മണി മുതൽ 5.30



വരെ ചുരുങ്ങിയത് എട്ടു കുട്ടികൾ സേവനം ചെയ്തു. ഓരോ ദിവസവും കുട്ടികളെ നിശ്ചയിക്കാൻ പ്രത്യേകം ലീഡേഴ്സിനെ ചുമതലപ്പെടുത്തി. തലേദിവസം തന്നെ അടുത്ത ദിവസം ക്ലാസ്സിൽ സേവനം ചെയ്യുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് കൈറ്റ് മിസ്ട്രസിനെ ഏൽപ്പിക്കും. നേരത്തെ കമ്പ്യൂട്ടർ ഉപയോഗിച്ച് പരിചയമില്ലാത്ത പ്രായം കൂടിയ അമ്മമാർക്കും ജീവിതത്തിൽ ഒരിക്കൽ പോലും മൗസ് പിടിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത അമ്മമാർക്കും വിദ്യാർഥികളുടെ സേവനം കൂടുതൽ പ്രയോജനകരമായിട്ടുണ്ട്.

### ഐടി പരിശീലനം

ചെറിയ ക്ലാസുകളിൽ നിന്ന് തന്നെ കുട്ടികൾക്ക് ഐടിയിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിനായി യുപി ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പരിശീലനം നൽകിയിട്ടുണ്ട്. ഹൈസ്കൂൾ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഗെയിമുകൾ പരിചയപ്പെടുത്തൽ, മലയാളം



ടൈപ്പിംഗ് തുടങ്ങിയ മേഖലയിലായിരുന്നു പരിശീലനം.

### ഡിജിറ്റൽ ഓണക്യാമ്പ്

പന്നിപ്പാറ ഗവൺമെന്റ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഓണക്യാമ്പ് വിവിധ ഡിജിറ്റൽ ഓണാഘോഷ പരിപാടികളോടെ നടത്തി. ഓണാഘോഷം എന്ന തീം അടിസ്ഥാനമാക്കിയായിരുന്നു ക്യാമ്പിലെ പ്രവർത്തനങ്ങൾ. ഡിജിറ്റൽ ഓണപ്പൂക്കളം, വിവിധ ഗെയിമുകൾ, അനിമേഷനുകൾ, ചിത്രങ്ങൾ, ഓണം പ്രമോഷൻ വീഡിയോകൾ തയ്യാറാക്കൽ എന്നിവയിൽ പരിശീലനം നൽകി. എച്ച്എം മുനീറ ടീച്ചർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ശിഹാബുദ്ദീൻ കരിപ്പാലി അധ്യക്ഷനായി. കുഞ്ഞുമുഹമ്മദ് മാസ്റ്റർ വെറ്റിലപ്പാറ ക്ലാസ് നയിച്ചു. കൈറ്റ് മിസ്ട്രസ് ഷിജി മോൾ, കൈറ്റ് മാസ്റ്റർ സിദ്ദിഖ് അലി, സ്റ്റാഫ് സെക്രട്ടറി സത്താർ മാസ്റ്റർ,

ബാബു മാസ്റ്റർ, ജംഷി മാസ്റ്റർ തുടങ്ങിയവർ സംബന്ധിച്ചു.



### ഐടി കോർണറും റോബോട്ടിക് പ്രദർശനവും

ഫ്രീഡം ഫെസ്റ്റ് 2023 ന്റെ ഭാഗമായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഐടി കോർണർ സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് എംടി മുനീറ കോർണറിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. സ്റ്റാഫ് സെക്രട്ടറി സത്താർ മാസ്റ്റർ, കൈറ്റ് മാസ്റ്റർ സിദ്ധീഖലി, കൈറ്റ് മിസ്ട്രസ് ഷിജിമോൾ, നിസാം മാസ്റ്റർ, സരിത ടീച്ചർ തുടങ്ങിയവർ സംസാരിച്ചു.



കുട്ടികൾ നിർമ്മിച്ച റോബോട്ടിക് ഉപകരണങ്ങൾ, വിവിധ ഇലക്ട്രോണിക് ഉപകരണങ്ങൾ, വിദ്യാർത്ഥികൾ തയ്യാറാക്കിയ ഗെയിം തുടങ്ങിയവയുടെ പ്രദർശനം നടന്നു. സ്കൂളിലെ 1400 ൽ അധികം വരുന്ന വിദ്യാർത്ഥികളും അധ്യാപകരും പ്രദർശനം കാണാനെത്തി. സ്വതന്ത്ര സോഫ്റ്റ്‌വെയറിനെ പരിചയപ്പെടുത്തലും പദ്ധതിയുടെ ഭാഗമായിരുന്നു.

### സ്കൂൾ ഐടി മേള

സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹകരണത്തോടെ സ്കൂൾ ഐടി മേളയുടെ ഭാഗമായി വിവിധ ഐടി മത്സരങ്ങൾ സംഘടിപ്പിച്ചു. ഡിജിറ്റൽ പെയിന്റിംഗ്, ഐടി ക്വിസ്, പ്രോഗ്രാമിംഗ്, മലയാളം ടൈപ്പിംഗ്, വെബ്പേജ് നിർമ്മാണം, ആനിമേഷൻ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് സർട്ടിഫിക്കറ്റും സമ്മാനവും വിതരണം ചെയ്തു.

### ഉപജില്ലാ ഐടി മേളയിൽ മൂന്നാം സ്ഥാനം

ഉപജില്ലാ ശാസ്ത്രോത്സവത്തിന്റെ ഭാഗമായി നടന്ന ഐടി മേളയിൽ അരീക്കോട് ഉപജില്ലയിൽ പന്നിപ്പാറ ഗവൺമെന്റ് ഹൈസ്കൂളിന് മൂന്നാം സ്ഥാനം ലഭിച്ചു. ഡിജിറ്റൽ പെയിന്റിംഗ്, ഐടി ക്വിസ്, പ്രോഗ്രാമിംഗ്, മലയാളം ടൈപ്പിംഗ്, വെബ്പേജ് നിർമ്മാണം, ആനിമേഷൻ തുടങ്ങിയവ ആയിരുന്നു മത്സര ഇനങ്ങൾ

### ജില്ലയിൽ രണ്ടാം സ്ഥാനം

ജില്ലാ പ്രോഗ്രാമിംഗ് മത്സരത്തിൽ ഗവൺമെന്റ് ഹൈസ്കൂൾ പന്നിപ്പാറയ്ക്ക് രണ്ടാം സ്ഥാനം. സ്കൂളിനെ പ്രതിനിധീകരിച്ച് മുഹമ്മദ് ബാദുഷ കെ, മുഹമ്മദ് നിഹാൽ സി കെ, സിനാൻ കെ കെ




തുടങ്ങിയ വിദ്യാർത്ഥികളായിരുന്നു പങ്കെടുത്തത്. സമഗ്ര ശിക്ഷാ കേരളം, മലപ്പുറം ജില്ലാ കമ്മിറ്റി നൽകുന്ന 2000 രൂപ സമ്മാനം നേടാനും വിദ്യാർഥികൾ അർഹരായി.

### ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ക്ലാസ്

ഭിന്നശേഷിക്കാരായ സഹപാഠികളെ ഐടിയിൽ താല്പര്യമുള്ളവരാക്കാനും അതുവഴി പഠനം രസകരമാക്കാനും വേണ്ടി അത്തരം വിദ്യാർത്ഥികൾക്ക് വേണ്ടി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രമം നടത്തുന്നുണ്ട്.

ആദ്യം ഗെയിമുകൾ നൽകിയും അതിലൂടെ ലളിതമായ പാഠഭാഗങ്ങളിലേക്ക് എത്തിക്കാനുമാണ് ഈ മേഖലയിൽ ശ്രമം നടക്കുന്നത്.



യാത്രാവിവരണം

# വയനാട്ടിലേക്ക് ഒരു യാത്ര

ANSHIN KP 9C

അന്ന് വളരെ തണുപ്പുള്ള ദിവസമായിരുന്നു. രാവിലെ നാല്ല മണിക്ക് എണീറ്റു. അന്നാണ് ഞങ്ങൾ വയനാട്ടിലേക്ക് പോകുന്നത്. കുടുംബത്തോടെയാണ് പോകുന്നത്. 5:30 ന് ബസ്സ് പുറപ്പെട്ടു. 7.30 ന് ഒരു പള്ളിയുടെ പാർക്കിംഗ് സ്ഥലത്ത് ബസ്സ് നിർത്തി. അവിടന്ന് പ്രഭാതഭക്ഷണം കഴിക്കാൻ തുടങ്ങി. പാർക്കിംഗിൽ ബോബി ചെമ്മണ്ണൂരിന്റെ ജ്വല്ലറി വാഹനം ഉണ്ടായിരുന്നു. പ്രഭാതഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ കാരാപ്പുഴ ഡാമിലേക്ക് പുറപ്പെട്ടു. അവിടെയുള്ള പാർക്കിലും പൂന്തോട്ടത്തിലും ചിലവഴിച്ചതിന് ശേഷം ഞങ്ങൾ ബാണാസുര സാഗർ ഡാമിലേക്ക് പുറപ്പെട്ടു. അതിനിടയിൽ ഉച്ചഭക്ഷണത്തിനായി സ്പൈസ് റെസ്റ്റോറന്റിൽ കയറി. അപ്പോഴേക്കും 2 മണി ആയിരുന്നു. ഉച്ചഭക്ഷണം കഴിച്ച് കഴിഞ്ഞു. അൽപ സമയത്തിന് ശേഷം ഞങ്ങൾ ബാണാസുര സാഗർ ഡാമിലേക്ക് എത്തി. അവിടെബോട്ട് യാത്രയും കുതിര സവാരിയും കഴിഞ്ഞ് ഞങ്ങൾ പഴശ്ശി പാർക്കിലേക് തിരിച്ചു. സമയം ഇരുട്ടി തുടങ്ങിയിരുന്നു. പഴശ്ശി പാർക്കിൽ അൽപ നേരം വിശ്രമിച്ച ശേഷം ഞങ്ങൾ വീട്ടിലേക്ക് പുറപ്പെട്ടു. പാർക്കിൽ നിന്ന് പുറപ്പെട്ടതിന് ശേഷം രാത്രി ഭക്ഷണത്തിനായി ഒരു റെസ്റ്റോറന്റ് തേടാൻ തുടങ്ങി. അങ്ങനെ കുറുവ റെസ്റ്റോറന്റിൽ ബസ്സ് നിർത്തി. രാത്രി അത്താഴത്തിന് ശേഷം ഞങ്ങൾ വീട്ടിലേക്ക് പുറപ്പെട്ടു. വീട്ടിൽ എത്തിയപ്പോഴെക്കും 12:00 മണി ആയിരുന്നു. അങ്ങനെ വയനാട്ടിലേക്കുള്ള യാത്ര ഗംഭീരമായി പോയിവന്നു...!





കഥ

# ക്രിസ്തുമസ് കേക്ക്

NAMITHA. P

2023 December 25

എല്ലാ പ്രാവശ്യവും പോലെ ഈ ക്രിസ്മസിനും പീലിമോൾ അച്ഛനെയും കാത്ത് പടിവാതിൽക്കൽ ഇരിക്കുകയാണ്. അച്ഛൻ കോയമ്പത്തൂരിൽ ഒരു ജോലി ആവശ്യത്തിനായി പോയിരിക്കയാണ്. പതിവുപോലെ ഈ പ്രാവശ്യവും അച്ഛൻ എത്തില്ലെന്ന വാർത്ത ഖേദപൂർവം അമ്മ മീര പീലിമോളെ അറിയിച്ചു. ഇതു കേട്ട ആ കുഞ്ഞ് നിറ കണ്ണുകളോടെ അകത്തേക്ക് പോയി. അച്ഛനോടൊപ്പം അച്ഛൻ കൊണ്ട് വരുന്ന കേക്കിനായി കാത്തിരിക്കുകയായിരുന്നു അവൾ.

അമ്മ പീലി മോളെ ആശ്വസിപ്പിക്കുന്നതിനായി പറഞ്ഞു,"മോൾക്ക് അമ്മ കേക്ക് ഉണ്ടാക്കി തരാലോ ", ഇതുകേട്ട പീലിമോൾ കണ്ണുതുടച്ച് അമ്മയോട് ചോദിച്ചു, "അമ്മ ശരിക്കും കേക്ക് ഉണ്ടാക്കോ?, 'ഉം, പിന്നെ മോൾക്ക് ഏത് കേക്കാ വേണ്ടേ? ഒന്നല്പം ആലോചിച്ച ശേഷം പീലി പറഞ്ഞു:, " ബ്ലാക്ക് ഫോറെസ്റ്റ്. " അമ്മ അവളെ ആശ്വസിപ്പിച്ച ശേഷം അടുക്കളയിലേക്ക് പോയി. മോളുടെ സങ്കടം



കണ്ട് ഇങ്ങനെയൊക്കെ പറഞ്ഞെങ്കിലും, അവൾ ഇന്നേ വരെ ഒരു കേക്കും ഉണ്ടാക്കിയിരുന്നില്ല. ഏറെ നേരം ആലോചിച്ച ശേഷം അവൾ ഫ്രിഡ്ജ് തുറന്നു നോക്കി. അതിൽ കേക്കുണ്ടാക്കാൻ വേണ്ട യാതൊന്നും ഉണ്ടായിരുന്നില്ല. . " വെറുതെ ആ കൊച്ചിനെ മോഹിപ്പിക്കണ്ടാർന്നു. " അവൾ സ്വയം പിറുപിറുത്തു.



അപ്പോഴാണ് കഴിഞ്ഞ ദിവസം വാങ്ങിവച്ച ഗോതമ്പു പൊടിയുടെ കാര്യം അവൾക്ക് ഓർമ വന്നത്. ഗോതമ്പു പൊടിയെങ്കിൽ ഗോതമ്പു പൊടി, എന്ന വിശ്വാസത്തിൽ കൈയിൽ കിട്ടിയ സാമഗ്രികൾ കൊണ്ട് ആവിയിൽ വേവിച്ച് ഒരു കേക്ക് ഉണ്ടാക്കി. മകൾ പറഞ്ഞ ബ്ലാക്ക് ഫോറെസ്റ്റ് കേക്ക് അല്ലെങ്കിലും തന്റെ കേക്ക് അവൾക്ക് ഇഷ്ടപ്പെടുമോ എന്ന ആശങ്കയിലാണ് അമ്മ മീര. ഉറക്കമുണർന്ന പീലി അടുക്കളയിലേക്ക് ഓടിയെത്തി. "അമ്മേ കേക്ക് എന്തായി,? അവൾ ആകാംഷഭരിതയായി. മനസില്ലാ മനസോടെ താൻ ഉണ്ടാക്കിയ കേക്ക് അവൾ മകൾക്ക് നേരെ നീട്ടി. പീലി കേക്കിൽ നിന്ന് ചെറിയ ഒരു കഷ്ണം രുചിച്ചു നോക്കി. എന്നാൽ മീരയെ അതിശയപ്പെടുത്തിക്കൊണ്ട് പീലി പറഞ്ഞു, "ഇത്രയും രുചിയുള്ള കേക്ക് ഞാൻ ഇന്നേ വരെ കഴിച്ചിട്ടില്ല ". എന്നിട്ട് ഒരു കേക്ക് കഷ്ണം തന്റെ അമ്മയ്ക്ക് നേരെ നീട്ടി. നിറ കണ്ണുകളോടെ അവൾ അത് നോക്കി നിന്നു......

BOOK REVIEW

# THE GIRL WHO DRANK THE MOON

FASEEHA MARYAM VA 9A

"The Girl Who Drank the Moon" by Kelly Barnhill is a captivating fantasy novel that weaves together a tale of magic, courage, and self-discovery. Barnhill's enchanting prose creates a vivid world filled with unique characters,



particularly Luna, a girl with a mysterious past and a magical destiny. The narrative explores themes of sacrifice, the power of stories, and the complexities of good and evil. This novel is a delightful journey into a magical realm that will captivate readers of all ages.

I read this book because I was intrigued by its title. It's fascinating and compelling to read further. The beginning was great and it has a lot of good characters. The story goes on and on but it doesn't feel captivating at any point. Sometimes I felt the urge to fast-forward the story a little. Maybe because I have read a lot of fantasy books, I found it a bit bland.

What I liked about the book was its title and the fascinating idea of magic. Also the female characters are strong and well-written. Glerk's poems add a lyrical touch to the story. Furthermore, I liked the ending, it was really satisfying.

There were a few things that I didn't like about the story. Firstly, the pacing of the story, it just felt so slow in my opinion. Also the repetition of phrases for example—Drove me up the wall!. The way of telling the story can be a bit confusing.

To sum it up, it was a good read. The characters were so interesting but overall the story was a bit boring. But you should know that books are subjective. Not everyone likes the same books. You should give it a try because, all books deserves a chance.



കഥ

# അമ്മുവിന്റെ അവധിക്കാലം

DEVIKA VP 8D



വടക്കേ അറ്റത്തുള്ള മാവിൽ നിന്ന് കിളികളുടെ ചിലച്ചിൽ കേട്ടപ്പോൾ അമ്മു ഉറക്കത്തിൽ നിന്നും എണീച്ചു . കിഴക്കേദിക്കിൽ നിന്നും സ്വർണ്ണനിറത്തിലുള്ള കിരണങ്ങളുമായി സൂര്യൻ ഉദിക്കുന്നു. ഇനി സ്കൂൾ തുറക്കാൻ വെറും ഒരു ദിവസമേ ബാക്കിയൊള്ളു എന്ന സത്യം മറ്റു കുട്ടികളെ അറിയിക്കാൻ അമ്മു ചായ കുടിച്ച് മാവിൻ ചുവട്ടിലേക്കോടി അവിടെ തന്റെ കൂട്ടുകാർ തന്നെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു.

മാവിൻ ചുവട്ടിൽ വന്ന കിളികൾക്കെല്ലാം അവർ ആരും കാണാതെ കൊണ്ട് വന്ന ഒരു പിടി അരി വിതറി. അച്ഛനോ അമ്മയോ കണ്ടാൽ പിന്നെ അടിയുടെ ചൂടറിയേണ്ടി വരും എന്ന് അറിയാവുന്നത് കൊണ്ട് തന്നെ വീടിന്റെ പിറക് വശത്തിലൂടെയാണ് അരി കൊണ്ടുവന്നത്. പല ചെടികളും പൂക്കളും പറിച്ച് അവർ സദ്യ ഒരുക്കി. മണ്ണിനെ ചിരട്ടയിലിട്ട് ചോറാക്കി. പൂക്കളും വെള്ളവും ചേർത്ത് സാമ്പാറാക്കി. അങ്ങനെ പല കറികളും ഉണ്ടാക്കി. വാഴയില വെട്ടി സദ്യ വിളമ്പി. അങ്ങനെ സദ്യ തയ്യാറായി.അത് കഴിഞ്ഞ് അവർ എല്ലാവരും കൂടി കളിക്കാൻ കുളത്തിലേക്കോടി.

കണ്ണാടിപോലെയുള്ള വെള്ളത്തിൽ അവർ മുഖം നോക്കി .നീന്തിക്കളിക്കുന്ന മീനുകളെ അവർ തോർത്തുകൊണ്ട് കോരി കുപ്പിയിലാക്കി.കുളികഴിഞ്ഞ് വീട്ടിലേക്കോടി അവിടെ നിന്ന് ഭക്ഷണം കഴിച്ച് ഉറക്കത്തിലേക്ക് ചാഞ്ഞു.

വൈകുംന്നേരം കൂട്ടുകാരുമൊത്ത് കണ്ണുപൊത്തിക്കളി കളിച്ചു. നേരം സന്ധ്യയായി അമ്മു കുളിച്ച് വിളക്കുവെച്ചു. ഇരുട്ട് എല്ലായിടത്തും പരന്നുകൊണ്ടിരിക്കുന്നു.ഈ രാത്രി ഒന്ന് കഴിഞ്ഞ് സ്കൂളിലേക്ക് പോകുമ്പോൾ പുതിയ പേനയും പെൻസിലും എടുക്കണം എന്ന് അമ്മു ഓർത്തു. ഇനി തന്റെ കൂട്ടുകാരുമൊത്ത് കളിക്കാനൊന്നും കഴിയില്ലല്ലോ എന്ന് ആലോചിച്ച് അമ്മുവിന് സങ്കടമായി.ഒന്ന് കണ്ണടച്ചപ്പോഴേക്കും പത്തു ദിവസം കടന്നുപോയതുപോലെ അമ്മുവിന് തോന്നി.ഇനി അടുത്ത അവധിക്കാലത്തിനുള്ള കാത്തിരിപ്പാണ് അമ്മുവിന്...



അനുഭവക്കുറിപ്പ്

# മറക്കാനാവാത്ത ഒരു യാത്രയയപ്പ്

**FATHIMA HUDA N 9C**

ഡിസംബറിലെ ഒരു അവസാന വെള്ളിയാഴ്ച വൈകുന്നേരം കുട്ടുകുടുംബങ്ങൾ എല്ലാം ഒരുമിച്ചുകൂടി. കളിയും ചിരിയും രസങ്ങളുമായി എല്ലാവരും ഉണ്ടായിരുന്നു. എന്റെ ഉപ്പാന്റെ നാല് സഹോദരിമാരും അവരുടെ കുട്ടികളും ഉമ്മാന്റെ കുടുംബങ്ങളും ഉണ്ടായിരുന്നു. നല്ല രുചിയുള്ള ബിരിയാണി. തലേദിവസം തന്നെ ഒരുക്കങ്ങൾ നടത്തിയിരുന്ന ആ ബിരിയാണി രാവിലെ തന്നെ ദമ്മിലിട്ടു.



ഉച്ചയ്ക്ക് ഒരു മണിയോടെ വിതരണം ആരംഭിച്ചു. കുട്ടികൾ ആണെങ്കിൽ തിക്കും തിരക്കുംകൂട്ടി. ബിരിയാണി കഴിക്കാൻ വരിവരിയായി നിന്നു. എന്നാൽ ഞാൻ ഈ സന്തോഷങ്ങളിൽ ഒന്നും പങ്കെടുത്തില്ല. എന്റെ മനസ്സ് വിങ്ങുകയായിരുന്നു. കാരണം എന്റെ ഉമ്മ ഉംറ ചെയ്യാൻ ഉപ്പയുടെ അടുത്തേക്ക് ജിദ്ദയിൽ പോവുകയാണ്. എന്റെ സങ്കടങ്ങളും ദുഃഖങ്ങളും എല്ലാം ഞാൻ ഉമ്മയോടാണ് പങ്കുവയ്ക്കാറ്.

ഇനി ഉമ്മ പോയാൽ ആരാണ് ഉണ്ടാവുക എന്ന ഒരു ടെൻഷൻ. വല്ല്യുമ്മ ഉള്ളതുകൊണ്ട് 15 ദിവസം തള്ളിനീക്കാം, എന്നാൽ സ്വന്തം ഉമ്മാന്റെ അത്രത്തോളം എല്ലാ കാര്യങ്ങളും നോക്കാൻ അവർക്കാവില്ലല്ലോ. ഏതായാലും 3 മണിയോടെ യാത്ര ആരംഭിച്ചു. സങ്കടം കൊണ്ട് യാത്രക്കിടയിലെവിടെയോ വെച്ച് ഉറക്കം എന്നെ കീഴ്പ്പെടുത്തി. എയർ പോർട്ടിലെത്തി ,

അതിരുചികരമായ ചൂടു ചായ ഞങ്ങൾ കുടിച്ചു. പരിശോധനയ്ക്ക് ശേഷം ഉമ്മ അകത്തേക്ക് പ്രവേശിച്ചപ്പോൾ ദുഃഖത്തോടെ കണ്ണു നിറഞ്ഞു.വല്ല്യുമ്മ എന്നെ ചേർത്തു പിടിച്ചു. തിരിച്ചു മടങ്ങിയപ്പോൾ അനാഥരെപ്പോലെ എനിക്കും സഹോദരങ്ങൾക്കും തോന്നി. ഉമ്മ ഞങ്ങളിൽ നിന്നും മാഞ്ഞു പോയതായി തോന്നി. സങ്കടം ഒഴിയാൻ വരുന്ന വഴിയിൽ ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. 6 മണിയോടെ വീട്ടിൽ തിരിച്ചെത്തി. സങ്കടകരമായ ഈ യാത്ര മനസ്സിൽ നിന്നും മാഞ്ഞു പോവുന്നില്ല.ആ ദിവസങ്ങൾ ഞങ്ങൾ എങ്ങനെ തള്ളി നീക്കി എന്ന് എനിക്ക് ഇപ്പോഴും ചിന്തിക്കാൻ കഴിയുന്നില്ല.



കഥ

# സൗഹൃദം

HAMEEDA 9D

ഒരിക്കൽ രണ്ടു കൂട്ടുകാർ ഒരു മരുഭൂമിയിലൂടെ നടന്നുപോവുകയായിരുന്നു. അവർ പോകുന്നതിനിടയിൽ ഒരു തർക്കമുണ്ടാക്കുകയും



അതിൽ ഒരു കൂട്ടുകാരൻ മറ്റേ കൂട്ടുകാരനെ അടിച്ചു.അടി കൊണ്ട കൂട്ടുകാരന് നന്നായി വേദനിച്ചെങ്കിലും അവൻ ഒന്നും മിണ്ടാതെ കൂടെ നടന്നു. എന്നിട്ട് മണലിൽ അവൻ എഴുതി വെച്ചു. "ഇന്ന് എന്നെ എന്റെ പ്രിയ കൂട്ടുകാരൻ അടിച്ച ദിവസമാണ്". അങ്ങനെ അവർ മുൻപോട്ടു നടന്നു.അപ്പോൾ ആദ്യം അടി കൊണ്ട കൂട്ടുകാരൻ ഒരു വലിയ കുഴിയിൽ വീഴുകയും മറ്റേ കൂട്ടുകാരൻ



അവനെ രക്ഷിക്കുകയും ചെയ്തു .അപ്പോൾ വീണ കൂട്ടുകാരൻ ഒരു കല്ലിൽ ഇങ്ങനെ എഴുതി വെച്ചു."ഇന്ന് എന്റെ കൂട്ടുകാരൻ എന്നെ രക്ഷിച്ച ദിവസമാണ്. പിന്നീട് അവർ ഒരുമിച്ചു മുൻപോട്ട് നടന്നു.

പിന്നീട് രക്ഷിച്ചവൻ കുഴിയിൽ വീണവനോട് ചോദിച്ചു."ഞാൻ നിന്നെ അടിച്ചപ്പോൾ അത് നീ മണലിൽ എഴുതി വെച്ചു. എന്നാൽ ഞാൻ നിന്നെ രക്ഷിച്ചപ്പോൾ അത് നീ മണലിൽ എഴുതാതെ എന്താ കല്ലിൽ എഴുതി വെച്ചത്. "ആരെങ്കിലും നമ്മെ വേദനിപ്പിക്കുമ്പോൾ അത് നമ്മൾ മണലിൽ എഴുതി വെക്കണം, അവിടെയാകുമ്പോൾ ക്ഷമാശീലായായ കാറ്റിന് അതിനെ മായ്ച്ചു കളയാൻ സാധിക്കും. എന്നാൽ, ആരെങ്കിലും നമുക്ക്



നല്ലത് ചെയ്തു തന്നാൽ അത് നമ്മൾ കല്ലിൽ കൊത്തി വെക്കണം, ഒരു കാറ്റിനും മായ്ക്കാൻ പറ്റാത്തത് പോലെ"എന്ന് അവൻ മറുപടി പറഞ്ഞു.

ഇതു പോലെ ഒരു നല്ല സുഹൃത്തിനെ കിട്ടുക എന്നത് വളരെ പ്രയാസമാണ്. അത്കൊണ്ട് നിലവിൽ ഉള്ള സുഹൃത്തിനെ ഒരിക്കലും വിട്ട് കൊടുക്കരുത്.

ലേഖനം

# പ്രകൃതിയും മനുഷ്യനും

**FATHIMA FAHMI KK 8F**

പ്രകൃതി അമ്മയാണ്.നമുക്ക് ചുറ്റുമുള്ളതെല്ലാം പ്രകൃതിയാണ്.അതിൽ ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കളും ഉൾപ്പെടുന്നു.തഴച്ചുവളർന്നുവരുന്ന മരങ്ങൾ,പൂക്കൾ,സസ്യങ്ങൾ,മൃഗങ്ങൾ, പക്ഷികൾ, കാടുകൾ അങ്ങനെ പലതും.... പ്രകൃതി നമുക്ക് വായു,ഭക്ഷണം,വെള്ളം, പാർപ്പിടം,മരുന്നുകൾ , വസ്തുങ്ങൾ, എന്നിവ നൽകുന്നു.മനോഹരമായ പല നിറങ്ങളും നമുക്ക് പ്രകൃതിയിൽ കാണാം.തീർത്തും പ്രകൃതി നമ്മുടെ അമ്മയെ പോലെയാണ്. അത് നൽകികൊണ്ടേയിരിക്കുന്നു. നാം ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങളും പ്രകൃതിയുടെ ഉത്പന്നങ്ങളിൽ പെട്ടതാണ്.പ്രകൃതിയിലേക്ക് പോകുമ്പോൾ പ്രകൃതിയുടെ അത്ഭുതകരമായ ശബ്ദങ്ങൾ നമുക്ക് കേൾക്കാനാകും.എന്നാൽ ഇന്ന് മനുഷ്യർ പ്രകൃതിയുടെ സൗന്ദര്യങ്ങൾ അവഗണിച്ചു കൊണ്ടിരിക്കുന്നു.മനുഷ്യർ അവരുടെ അത്യാഗ്രഹത്തിന് അശ്രദ്ധമായി പ്രകൃതിയെ നശിപ്പിക്കുന്നു.അവർ മലിനീകരണം പരത്തുന്നു. കാടുകളും വനങ്ങളും വെട്ടിനശിപ്പിച്ച് വയലുകൾ മണ്ണിട്ടുമൂടി റോഡുകളും മാളുകളും വലിയ കെട്ടിടങ്ങളും പണിയുന്നു. എന്നിട്ട് നാം അതിനെ വികസനം എന്ന ഓമനപ്പേരിട്ട് വിളിക്കുന്നു.ഇതെല്ലാം ഭൂമിയെ ഗുരുതരമായ പ്രശ്നത്തിലേക്ക് നയിക്കും.പ്രളയം, ഉരുളപൊട്ടൽ, വേനൽ, വരൾച്ച തുടങ്ങിയ കാലാവസ്ഥ വ്യത്യാസവും പ്രകൃതി ദുരന്തങ്ങളും പോലെ.ജീവന്റെ നിലനിൽപ്പിനു ആവശ്യമായ വായു മലിനപെട്ടുകൊണ്ടിരിക്കുകയാണ്.വർധിച്ചു വരുന്ന വാഹനങ്ങൾ, ഫാക്ടറികൾ മുതലായവയിൽ നിന്ന് വരുന്ന നിയന്ത്രണമില്ലാത്ത ദുഷിച്ച വാതകങ്ങൾ മൂലമാണ് നാം ശ്വസിച്ചുകൊണ്ടിരിക്കുന്ന വായു മലിനപ്പെടുന്നത്.പ്രകൃതിയെ മലിനീകരണമുക്തമാക്കാൻ നാം വേണ്ടത്ര പ്രവർത്തിക്കുന്നില്ല, എന്നതാണ് സത്യം.പ്രകൃതിയെ സംരക്ഷിക്കൽ നമ്മുടെ ഓരോരുത്തരുടേയും കടമയാണ്.നമുക്കും നമുക്ക് ശേഷമുള്ള തലമുറക്കും പ്രകൃതി അവകാശമാണെന്ന ബോധത്തോടെ പ്രകൃതിയെ സംരക്ഷിക്കാം.





കഥ

# പ്രണയമൊഴിഞ്ഞ്

ജെറിൻ മെഹൈദ്

രാത്രിയിലേക്കുണരാൻ തുടങ്ങുന്നൊരു ഋുക്കുപാലത്തിൽ, താഴെ നുരയുന്ന പുഴയിലേക്ക് നോക്കിക്കൊണ്ട് അവർ നിന്നു..

കണ്ടൽവനങ്ങളുടെ നിഗൂഢസ്ഥലികളിൽ ചക്രവാകപക്ഷികൾ കേഴുന്നു...



"....വാർദ്ധക്യത്തിൽ ജനിച്ച്, യൗവനത്തിലൂടെ കൗമാരവും ബാല്യവും കടന്ന്, ശൈശവത്തിൽ മരിക്കുന്നതിനെക്കുറിച്ച് ഞാനെവിടെയോ വായിച്ചതോർക്കുന്നു.."

അവൻ പറഞ്ഞു.

"എങ്കിൽ...?
അവൾ പ്രതീക്ഷയോടെ അവനെ നോക്കി.

"എങ്കിൽ....."
അവൻ പൊടുന്നനെ നിശബ്ദനായി.

"...പുഴ കടലിൽ ജനിച്ച് സമതലങ്ങളിലൂടെ താഴ്_വരയിലേക്ക് തിരിച്ചൊഴുകി കുന്നിൽ പതിക്കുന്ന പോലെ..അല്ലെ?"

അവൾ ചോദിച്ചു.

ചെഞ്ചായമണിയുന്ന അസ്തമയത്തിലേക്ക് മിഴികൾ നട്ട് അപ്പോഴവൻ ശബ്ദമില്ലാതെ ചിരിച്ചു.

അനന്തരം കൈകൾ പരസ്പരം ചേർത്തുപിടിച്ച്, ഋുക്കുപാലത്തിന്റെ കൈവരികൾ ഭേദിച്ച് അവനും അവളും താഴെ നുരയുന്ന പുഴയിലേക്കൊരു നെടുങ്കൻ മുതലക്കുപ്പ് നടത്തി..

കടലിൽ, വാർദ്ധക്യത്തിലെ പുനർജൻമം കൊതിച്ച്, കുന്നുകളിലെ ശൈശവത്തിലേക്ക് തിരിച്ചൊഴുകാൻ പുഴയുടെ അടിത്തട്ടിലൂടെ അഴിമുഖം തേടി പിന്നെയവർ അനന്തമായ പ്രയാണം തുടങ്ങി.



ലേഖനം

# കോഴിക്കോട്: കേരളത്തിന്റെ സാംസ്കാരിക ഹൃദയഭാഗം

ABINSHA M 9B

കോഴിക്കോട്, കേരളത്തിന്റെ സമ്പന്നമായ ചരിത്രവും സംസ്കാരവും നിറഞ്ഞ ഒരു മനോഹര നഗരമാണ്. അതിന്റെ പേര് "കാലിക്കറ്റ്" എന്ന പേരിലും അറിയപ്പെടുന്നു, പണ്ട് സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാര കേന്ദ്രമായിരുന്നു.

സാമൂതിരിമാർ കേരളത്തിലെ ഒരു പ്രധാന ശക്തിയായിരുന്നു, യൂറോപ്യന്മാരുമായുള്ള വ്യാപാരത്തിൽ നിർണായക പങ്ക് വഹിച്ചു. കോഴിക്കോട് കടപ്പുറം യൂറോപ്യന്മാരുടെ ആദ്യകാല ഇടപഴകലുകൾക്ക് സാക്ഷ്യം പറയുന്നു, വാസ്കോഡ ഗാമ 1498-ൽ ഇവിടെ എത്തിച്ചേർന്നു.



നഗരം അതിന്റെ കലാപരവും സാഹിത്യപരവും സാംസ്കാരികവുമായ പൈതൃകത്തിന് പേരുകേട്ടതാണ്. കളരിപയറ്റ് പോലുള്ള പരമ്പരാഗത കലാരൂപങ്ങൾ ഇവിടെ നിന്നും ഉടലെടുത്തു, മലയാള സാഹിത്യത്തിന്റെ ഒരു പ്രധാന കേന്ദ്രമായി കോഴിക്കോട് തുടരുന്നു. നഗരത്തിൽ നിരവധി ആരാധനാലയങ്ങളും ചരിത്രപരമായ സ്ഥലങ്ങളും ഉണ്ട്, തന്തൂർ ക്ഷേത്രം, കടലുണ്ടി പള്ളി, മാനാഞ്ചേരി ഹനുമാൻ ക്ഷേത്രം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കോഴിക്കോട് ഒരു തിരക്കുള്ള വാണിജ്യ നഗരവുമാണ്. നഗരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും പേരുകേട്ടതാണ്, കേരളത്തിലെ ഏറ്റവും മികച്ച സർവകലാശാലകളിലൊന്നായ കാലിക്കറ്റ് സർവകലാശാല ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്.

ചുരുക്കത്തിൽ, കോഴിക്കോട് കേരളത്തിന്റെ സാംസ്കാരിക ഹൃദയഭാഗമാണ്. അതിന്റെ സമ്പന്ന ചരിത്രം, മനോഹരമായ കടൽത്തീരങ്ങൾ, രുചികരമായ ഭക്ഷണം, സൗഹൃദപൂർണമായ ജനങ്ങൾ എന്നിവ കേരളത്തിലെ ഏറ്റവും മനോഹരമായ

യാത്രാവിവരണം

# ഒരു എറണാകുളം യാത്ര

Muhammerd Basil. KC

ഞാൻ ഈ യാത്ര പോകുന്നത് എൽപി സ്കൂളിൽ നിന്നാണ്. എന്നോടൊപ്പം എന്റെ കുടുംബവും ചങ്ങാതിമാരും ഒക്കെ ഉണ്ടായിരുന്നു. ഞങ്ങൾ എറണാകുളം പോകുന്ന വഴി തൃശ്ശൂർ കേരള കലാമണ്ഡലം ഒന്ന് സന്ദർശിച്ചിരുന്നു. അവിടെ നിന്ന് കുറച്ച് യാത്ര ചെയ്തപ്പോൾ തന്നെ എല്ലാവർക്കും വിശക്കുന്നുണ്ടായിരുന്നു, അതിനാൽ ഒരു സ്ഥലത്തു ബസ് നിർത്തി എല്ലാവരും പ്രഭാത ഭക്ഷണം കഴിച്ചു. ശേഷം യാത്ര തുടർന്നു. ഏകദേശം 11. മണിക്ക് എറണാകുളം എത്തി. നല്ല വെയിലായിരുന്നു. എന്നാലും ഞങ്ങൾ ഏതോ ഒരു സ്ഥലത്ത് ഇറങ്ങി കുറച്ച് ഫോട്ടോസും വീഡിയോകളും ഒക്കെ എടുത്തു. ശേഷം ആദ്യം ഞങ്ങൾ പോയത് മെട്രോ ട്രെയിൻ കയറാനാണ് അത് അര മണിക്കൂർ ഉണ്ടായിരുന്നു. എല്ലാവരും പിന്നെ ബസിൽ കയറി ബസിൽ ചെറിയ കുട്ടികളുടെ പാട്ടും കഥയും എല്ലാം ഉണ്ടായിരുന്നു. പിന്നെ ബസിൽ നല്ല ഗാനം ഇട്ടു. വിദ്യാർത്ഥികളെല്ലാം തുള്ളിച്ചാടി. ഉച്ചയ്ക്ക് ഒരു ഹോട്ടലിൽ നിർത്തി ഭക്ഷണം കഴിച്ചു. ചിക്കൻ ബിരിയാണി ആയിരുന്നു. ന മണി ആകുമ്പോൾ എല്ലാവരും അറബിക്കടലിൽ പോയി കുറച്ച് നേരം അവിടെ ഇരുന്നു. ഏകദേശം 5 ആകുമ്പോൾ എല്ലാവരുംബോട്ടിങ്ങിന് വേണ്ടി കേറി അത് 1.30മണിക്കൂർ ഉണ്ടായിരുന്നു ശേഷം ഞങ്ങൾ ലുലുമാളിൽ പോയി ഒരു 9 മണി ആകുമ്പോൾ രാത്രി ഭക്ഷണം കഴിച്ചു വീട്ടിലേക്ക് മടങ്ങി.



ഇത് ഒരു ചെറിയ യാത്ര ആയിരുന്നു.



# ഓർമ്മകളുടെ കാൻവാസ്

**പന്നിപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ 2023-24 അധ്യയന വർഷത്തിൽ നടന്ന പ്രധാന പരിപാടികൾ**



വിവിധ മത്സരങ്ങളിലെ വിജയികൾ ഒത്തു ചേർന്നപ്പോൾ



STEPS പ്രതിഭകൾക്ക് ഇല്യാസ് പെരുമ്പലം ക്ലാസ് എടുക്കുന്നു



സ്കൂൾ കലോത്സവം ഉദ്ഘാടനം



റോബോട്ടിക്സ് പ്രദർശന ഉദ്ഘാടനം



ലിറ്റിൽ കൈറ്റ്സ് ടാഗ് വിതരണം



മാസ്റ്റർ ട്രെയിനി സ്കൂൾ വിസിറ്റ് ചെയ്യുന്നു



സ്കൂൾ ശാസ്ത്രോത്സവം



പ്രഭാത ഭക്ഷണ വിതരണ ഉദ്ഘാടനം



സ്റ്റഡി @ വില്ലേജ് പദ്ധതിയുടെ സമാപന സംഗമം



ഐടി @ഹോം ഉദ്ഘാടന സദസ്സ്



സ്കൂൾ കലോത്സവം



മെഡിക്കൽ ക്യാമ്പ്



സുരീലി ഹിന്ദി ഉത്സവം



മെഡിക്കൽ റൂം ഉദ്ഘാടനം



സബ്ജില്ലാ വിജയാഹ്ലാദം



അക്കാദമിക് എക്സലൻസ് മീറ്റ്



എൻഎംഎംഎസ് ക്ലാസ്



അറബിക് മാഗസിൻ പ്രകാശനം



സ്കൂൾ ജേഴ്സി പ്രകാശനം



പ്രഥമ ശുശ്രൂഷ ക്ലാസ്



ഉപജില്ലാ ശാസ്ത്രമേള ഓവറോൾ ട്രോഫികൾ ഏറ്റുവാങ്ങുന്നു.



പുതിയ സ്റ്റാഫ് റൂം




പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങൾ



പ്ടിഎ ജനറൽ ബോഡി മീറ്റിംഗ്




ഉറുദു ടാലന്റ് എക്സാം വിജയികൾ




വായനക്കൂട്ടം ശില്പശാല




മാനത്തേക്കൊരു കിളിവാതിൽ




പാലിയേറ്റീവ് രോഗികൾക്കുള്ള ഫണ്ട് കളക്ഷൻ



സ്കൂൾ പച്ചക്കറി വിളവെടുപ്പ്



നാട്ടുകൂട്ടം ബോധവത്കരണ ക്ലാസ്



എസ്എസ്എൽസി മോട്ടിവേഷൻ ക്ലാസ്



ഉപജില്ല കലാമേള ഓവറോൾ ട്രോഫികൾ ഏറ്റുവാങ്ങുന്നു

# EDITORIAL BOARD



**SIDHIQUEALI PC**
KITE MASTER



**SHIJIMOL K**
KITE MISTRESS



RADWA 9D



LIYA SHEREEF 9B



M. BADUSHAH 9D



SHIFA CT 9B



FASEEHA MARIYAM 9A

# ഇ ലോകം

ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് പന്നിപ്പാറ